**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5057 24.10.2011 -ൽ മറുപടിക്ക്**

**കാൽപ്പാദങ്ങളിൽ വിള്ളൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി | |
| (എ) | കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ ഗ്രാമ പഞ്ചായത്തിലെ എടക്കര എ.എസ്.വി. യു.പി. സ്കൂളിലെ കുട്ടികൾക്ക് കാൽപ്പാദങ്ങളിൽ വിള്ളൽ കണ്ടെത്തിയതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു; | (ബി) | തലക്കുളത്തൂർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക മെഡിക്കൽ ക്യാമ്പ് നടത്തി 177 വിദ്യാർത്ഥികളെ പരിശോധിക്കുകയുണ്ടായി. മെഡിക്കൽ പരിശോധനയ്ക്ക് വിധേയരായവരിൽ 24 വിദ്യാർത്ഥികൾക്ക് ഈ അസുഖം ബാധിച്ചതായി കണ്ടെത്തുകയും അവർക്ക് ചികിത്സ നൽകി വരുകയും ചെയ്യുന്നുണ്ട്. ജില്ലയിൽ രോഗം കണ്ടുവരുന്ന പ്രദേശങ്ങളിലെ ജില്ലയിലെ മറ്റ് സ്കൂളുകളിൽ ഫീൽഡ് ജീവനക്കാരും മെഡിക്കൽ ആഫീസറും സന്ദർശനം നടത്തി കുട്ടികളെ പരിശോധിക്കുകയും രോഗലക്ഷണങ്ങൾ ഉള്ള കുട്ടികൾക്ക് വേണ്ട നിർദ്ദേശവും ചികിത്സയും നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) | പ്രസ്തുത സംഭവം ഒരു വിദഗ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ